നെല്ല് സംഭരണം

195(1262) ശ്രീ. വർക്കല കഹാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്ത് നെല്ല് സംഭരണത്തിന് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തദ്ദേശീയമായി ഉത്പ്പാദിപ്പിക്കുന്ന നെല്ല് കർഷകരിൽനിന്നും നേരിട്ട് സംഭരിച്ച് സംസ്കരിച്ച് അതിൽനിന്ന് ലഭ്യമാകുന്ന അരി പ്രാദേശികമായി പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

(സി) നെല്ല് കൃഷിചെയ്യുന്ന കർഷകരുടെ പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് രജിസ്ട്രേഷൻ നടപടികൾ സമയബന്ധിതമായി ചെയ്യുന്നു. കൊയ്ത്ത് കഴിയുന്ന ഉടൻതന്നെ കർഷകരിൽനിന്ന് നിശ്ചിത ഗുണമേന്മയുള്ള നെല്ല് സപ്ലൈകോയുമായി കരാറിലേർപ്പെട്ടിട്ടുള്ള മില്ലുകൾ മുഖേന സംഭരിക്കുന്നു. സംഭരിച്ച നെല്ല് സമയബന്ധിതമായി നവീന രീതിയിൽ പുഴുങ്ങി കുത്തി അരിയാക്കി വിതരണത്തിന് തയ്യാറാക്കുന്നു. ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ നിർദ്ദേശാനുസരണം ഓരോ മാസവും ടി അരി മില്ലുകളിൽനിന്ന് വിട്ടുകൊടുക്കുന്നു.

റേഷൻ വിതരണം കാര്യക്ഷമവും സുതാര്യവുമാക്കാൻ പദ്ധതി

196(1263) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ വിതരണം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്, വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. റേഷൻ കടകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും റേഷൻ കടകളിൽ നടക്കുന്ന എല്ലാ ഇടപാടുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. റേഷൻ കടകളിലെത്തുന്ന ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിന് ആധാർ അല്ലെങ്കിൽ സ്മാർട്ട് കാർഡ്/ബാർകോഡ് പോലുള്ള ബദൽ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പദ്ധതി പൂർണ്ണതോതിൽ നടപ്പാക്കുമ്പോൾ ഓരോ ഗുണഭോക്താവിനെയും ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് അർഹമായ വിഹിതം കൃത്യമായി ലഭിക്കുന്നുണ്ട് എന്നുറപ്പ് വരുത്താൻ സാധിക്കും. റേഷൻ കടകളിൽ ഡോർ ഡെലിവറി മുഖേന എഫ്.സി.ഐ.യിൽനിന്നും എ.ആർ.ഡി.-കളിലേക്ക് റേഷൻ സാധനങ്ങൾ എത്തിക്കും. ഓരോ ഗുണഭോക്താവിനും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ തത്സമയം തന്നെ വിവരങ്ങൾ ആർക്കും ലഭ്യമാകത്തക്ക വിധം ട്രാൻസ്പാരൻസി പോർട്ടൽ സജ്ജമാകും. പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കാനും സമയബന്ധിതമായി പരാതി പരിഹരിക്കുവാനും പരാതിയുടെ തത്സ്ഥിതി നിരീക്ഷിക്കാനും പരാതിക്കാരനും ഉദ്യോഗസ്ഥർക്കും സാധിക്കത്തക്ക വിധം ഒരു സുതാര്യമായ പരാതി പരിഹാര സംവിധാനം നിലവിൽ വരും. ഓരോ മേഖലയിലെയും സ്റ്റോക്കിന്റെ സ്ഥിതി, റേഷൻ സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളുടെ സഞ്ചാരം തുടങ്ങിയവ പോർട്ടലിലൂടെ തത്സമയം അറിയുന്നതിനായി ഒരു Decision Support System (DSS) നിലവിൽ വരും. ഇപ്രകാരം ഓരോ കണ്ണിയും പരസ്പരം യോജിപ്പിച്ചുകൊണ്ട് സുതാര്യമായ ഒരു പൊതുവിതരണ സംവിധാനം നിലവിൽവരും.

(സി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വകുപ്പുതലത്തിൽ തയ്യാറാക്കിയ വിശദമായ പ്രോജക്ട് പ്രൊപ്പോസലിന് (DPR) മന്ത്രിസഭയുടെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി വിവിധ തലങ്ങളിലുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ State Apex Committee, വിവിധ വിഷയങ്ങൾ പരിഗണിച്ച് സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിസഭയ്ക്ക് മുമ്പാകെ വിഷയങ്ങൾ സമർപ്പിക്കുന്നു. സംസ്ഥാന ഭക്ഷ്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ SPeMT (State Project e-Mission Team) രൂപവൽക്കരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയിൽ ധനകാര്യ വകുപ്പ്, ഐ.ടി. വകുപ്പ്, ഐ.ടി മിഷൻ, SPeMT, എൻ.ഐ.സി., WFP തുടങ്ങിയവയുടെ പ്രതിനിധികൾ അംഗങ്ങളാണ്. വിവിധ വിഷയങ്ങളിൽ അപെക്സ് കമ്മിറ്റിക്ക് ശിപാർശ നൽകുന്നത് SpeMT-യാണ്. NICSI മുഖേന നിയമിക്കപ്പെട്ടിട്ടുള്ള കമ്പ്യൂട്ടർ പ്രോഗ്രാമർമാരുൾപ്പെടുന്ന ഒരു പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിനേയും (PIU) ഡാറ്റാബേസ് കൈകാര്യം ചെയ്യുന്നതിന് Postgre SQL ഡാറ്റാബേസ് വിഭാഗത്തേയും നിയമിച്ചിട്ടുണ്ട്. വേൾഡ് ഫുഡ് പ്രോഗ്രാമിന്റെ (WFP) ഉപദേശക സഹായം പ്രാജക്ടിന് ലഭ്യമാണ്. കൂടാതെ 3-10-2015-ലെ സ.ഉ.(കൈ) നമ്പർ 25/15/ഭ.സി.സ.വ പ്രകാരം കെൽട്രോണിനെ സിസ്റ്റം ഇന്റഗ്രേറ്ററായി നിയമിച്ചിട്ടുണ്ട്. പദ്ധതിയുടെ മോഡൽ പൈലറ്റ് പ്രോജക്ടിനോടനുബന്ധിച്ച് എറണാകുളം, തിരുവനന്തപുരം ജില്ലകളിലെ 22 റേഷൻ കടകളിൽ ഈ-പോസ് മെഷീൻ സ്ഥാപിക്കുകയും പദ്ധതി വിജയകരമായി പൂർത്തിയാക്കി വരികയും ചെയ്യുന്നു. 2015 ആഗസ്റ്റ് 19- ന് തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംപാറയിലെ എ.ആർ.ഡി. 32-ൽ ഇ-പോസ് മെഷീൻ സ്ഥാപിച്ചുകൊണ്ടാണ് മോഡൽ പൈലറ്റ് പദ്ധതി ആരംഭിച്ചത്.

റേഷൻ കാർഡ് വിതരണം

197(1264) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിലെ നോർത്ത്, സൗത്ത് എന്നീ സിറ്റി റേഷനിംഗ് ഓഫീസ് പരിധിയിൽ വരുന്ന കാർഡുകൾക്ക് പുതിയ റേഷൻ കാർഡ് ഏതുവർഷം ഏതുമാസം ഏതു തീയതിയിൽ ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

തിരുവനന്തപുരം നോർത്ത്, സൗത്ത് സിറ്റി റേഷനിംഗ് ഓഫീസുകളുടെ പരിധിയിൽ വരുന്ന കാർഡുടമകളുടെ മുൻഗണന/മുൻഗണനേതര റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച് അതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിക്കേണ്ടതുണ്ട്. ഇത് പരിഹരിച്ച് കഴിഞ്ഞ് മറ്റ് സാങ്കേതിക തടസ്സങ്ങൾ ഇല്ലെങ്കിൽ 2016 ഏപ്രിൽ 1-ന് മുമ്പ് ടി ഓഫീസുകളുടെ പരിധിയിൽ റേഷൻകാർഡ് വിതരണം പൂർത്തീകരിക്കുവാൻ കഴിയും. ഇപ്പോൾ നിലവിലുള്ള റേഷൻ കാർഡിൽ റേഷൻ ഉൾപ്പെടെ എല്ലാ ആനുകൂല്യങ്ങളും ഗുണഭോക്താവിന് ലഭിക്കും. പുതിയ താമസക്കാർക്ക് താൽക്കാലിക കാർഡുകൾ നൽകുന്നുണ്ട്. അതിനാൽ പൊതുജനങ്ങൾക്ക് മറ്റ് ബുദ്ധിമുട്ടുകൾ ഉണ്ടാവുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly